(സി) ഐ.ടി. മേഖലയിലെ ഏതൊക്കെ സ്ഥാപനങ്ങളിലാണ് തൊഴിൽ നൽകിയതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഐ.ടി. പാർക്കുകളായ തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോ പാർക്ക്, കോഴിക്കോട് സൈബർ പാർക്ക്, KSITIL-ന്റെ പദ്ധതിയായ ടെക്നോ ലോഡ്ജുകൾ എന്നിവിടങ്ങളിലായി ഏകദേശം 33,500 തൊഴിലവസരങ്ങൾ പുതുതായി ലഭ്യമാക്കിയിട്ടുണ്ട്.

(ബി&സി) മുകളിൽ പറയുന്ന സ്ഥാപനങ്ങളിലെ ഭരണ നിർവ്വഹണ ഓഫീസുകളിൽ ആകെ 95 തൊഴിലവസരങ്ങളും സർക്കാർ നിയന്ത്രണത്തിലുള്ള ഐ.ടി. പാർക്കുകളിലെ സ്വകാര്യ സ്ഥാപനങ്ങളിലും ടെക്നോ ലോഡ്ജസ് പദ്ധതികളിലും കൂടി ലഭ്യമാക്കിയ തൊഴിലവസരങ്ങൾ ഏകദേശം 33,400 ആണ്.

ഗ്രാമജ്യോതി പദ്ധതി

264 (631) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിൽ കെൽട്രോൺ മുഖേന എൽ.എ.സി. - എ.ഡി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തിയ ഗ്രാമജ്യോതി രണ്ടാം ഘട്ട പദ്ധതിയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ തടസ്സമെന്ത് എന്നത് വ്യക്തമാക്കുമോ ;

(ബി) 7-8-2015-ന് സർക്കാർ ധനകാര്യ ഇൻഡസ്ട്രിസ് പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് പുറപ്പെടുവിച്ച സർക്കാർ അക്രഡിറ്റഡ് ഏജൻസി സംബന്ധിച്ച ഉത്തരവിൽ കെൽട്രോൺ പരിഗണിക്കപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കെൽട്രോണിനെ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പരിധിയിൽ അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ പരിഗണിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ഗ്രാമജ്യോതി പദ്ധതി പ്രകാരം കൊയിലാണ്ടി മണ്ഡലത്തിൽ ഹൈമാസ് ലൈറ്റ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കാൻ മുതലപ്പെടുത്താവുന്ന അക്രഡിറ്റഡ് ഏജൻസികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 30-7-2014-ലെ സ.ഉ.(പി) നമ്പർ 311/2014/ധന പ്രകാരം പൊതുമരാമത്ത് വകുപ്പല്ലാതെ മറ്റ് ഏജൻസികൾ മുഖേന സർക്കാരിന്റെ വിവിധ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ 7-8-2015-ലെ 339/2015/ധന ഉത്തരവിലൂടെ PWD/CPWD/ Other cost effective methods പാലിച്ചുകൊണ്ട് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന വിവിധ ഏജൻസികളെ അക്രഡിറ്റ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കെൽട്രോൺ സംസ്ഥാന സർക്കാരിനുവേണ്ടി മേൽ പ്രകാരം പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്ന സ്ഥാപനമല്ല. ആയതിനാൽ കെൽട്രോണിനെ ഈ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സ്മാർട്ട് സിറ്റി പദ്ധതി

265 (632) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്ത് സ്ഥിതി ചെയ്യുന്ന 6.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പൂർണ്ണമായും ഐ.ടി. മേഖലയിൽമാത്രം സേവനങ്ങൾ നൽകുന്നവ ഏതൊക്കെയെന്നും ഐ.ടി. അനുബന്ധ സേവനങ്ങൾ നൽകുന്നവ ഏതൊക്കെയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കെട്ടിടം പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നതേയുള്ളൂ. അവിടെ കമ്പനികൾ ഒന്നുംതന്നെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

സ്മാർട്ട് സിറ്റി പദ്ധതിയുടെ പുരോഗതി

266 (633) ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ നിലവിലുള്ള അവസ്ഥ മാസ്റ്റർപ്ലാനിനെ അടിസ്ഥാനപ്പെടുത്തി വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly